ഉത്തരം

(എ-സി) മൊത്തം 4 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണപ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

കായംകുളം ജലോത്സവം

213 (8274) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രസിദ്ധമായ കായംകുളം ജലോത്സവത്തിന് സർക്കാർ നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജലോത്സവം നടക്കുന്ന കായൽ തീരത്തിന്റെ കിഴക്ക് ഭാഗത്തുള്ള ചതുപ്പ് ഭൂമി കരഭൂമിയാക്കി ഉയർത്തി പാർക്കിംഗിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ സാധ്യത പരിശോധിക്കേണ്ടതുണ്ട്.

വിനോദസഞ്ചാര വകുപ്പുവഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

214 (8275) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര വകുപ്പ് കഴിഞ്ഞ മൂന്ന് വർഷക്കാലം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയും നടപ്പാക്കുന്ന സ്ഥലങ്ങളും അവ ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുകയെത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്താമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly